(ഇ) ചന്ദനമരമോഷണവുമായി ബന്ധപ്പെട്ട് 1994 മുതൽ ഇന്നേവരെ 757 കേസ്സുകൾ എടുത്തിട്ടുണ്ട്.

മറയൂരിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുവാൻ നടപടി

95 (4135) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂരിലെ ചന്ദനമരങ്ങൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) അവയുടെ സംരക്ഷണത്തിന് നിലവിലുള്ള ഏർപ്പാടുകൾ മതിയാകുമോ ;

(സി) അവിടെയുള്ള വനപാലകർക്ക് ഏതെല്ലാം വിധത്തിലുള്ള ആയുധങ്ങളും വാഹനവാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ) ചന്ദനമരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി മറയൂർ ഭാഗത്തെ റിസർവിലുള്ള ചന്ദനമരങ്ങൾ എണ്ണി തിട്ടപ്പെടുത്തിയിട്ടുണ്ട്. വനസംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 12 സേനാംഗങ്ങൾ അടങ്ങുന്ന ഒരു റാപ്പിഡ് ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ചന്ദനക്കൊള്ള കർശനമായി തടയുന്നതിനായി മൂന്നാർ ഡിവിഷനിൽ ഒരു ടാക്സ് ഫോഴ്സ് പ്രവർത്തിക്കുന്നു. മൂന്നാർ ഡിവിഷന്റെ കീഴിൽ നിലവിലുള്ള ചെക്ക് പോസ്റ്റുകൾ കൂടാതെ മെത്താപ്പ്, എക്കോപോയിന്റ് എന്നീ സ്ഥലങ്ങളിൽ രണ്ട് ചെക്ക് പോസ്റ്റുകൾ പുതുതായി സ്ഥാപിക്കുകയും വണ്ണാംതുറയിലും പാലപ്പെട്ടിയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പിക്കറ്റിംഗ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളിൽ വിശദ പരിശോധനയ്ക്കായി വനിതാ വനസംരക്ഷണ ജീവനക്കാരികളെ മറയൂർ റെയിഞ്ചിനു കീഴിൽ നിയമിച്ചിട്ടുണ്ട്. ചന്ദനമരങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി ആവശ്യമായ ജീവനക്കാരെ നിയമിച്ച് ചന്ദനമേഖലകളിൽ പട്രോളിംഗ് നടത്തിവരുന്നതുകൂടാതെ വന സംരക്ഷണ ജീവനക്കാർ ചന്ദനറിസർവുകളിൽ താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് താമസിക്കുകയും രാത്രിയിലും പകലും നിരന്തരമായി ഈ പ്രദേശങ്ങളിൽ പട്രോളിംഗ് നടത്തി വരികയും ചെയ്യുന്നു. ഇതിനുപുറമേ സ്ഥലവാസികളുടെ സഹായ സഹകരണത്തോടെ വി. എസ്. എസ്. മുഖേന ചന്ദനമരങ്ങളുടെ സുരക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന വനസംരക്ഷണ ജീവനക്കാർക്ക് വാർത്താ വിനിമയ സംവിധാനങ്ങളും വാഹനങ്ങളും ആയുധങ്ങളും നൽകിയിട്ടുണ്ട്. ഇതിനുപരി കള്ളക്കടത്ത് സാദ്ധ്യത കൂടിയ റോഡുകളിൽ താൽക്കാലിക ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വനസംരക്ഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പരമാവധി ചന്ദന കേസ്സുകൾ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജു ചെയ്യുന്നുണ്ട്. "ഓപ്പറേഷൻ ഫ്രാഗ്രൻസ്" എന്നപേരിൽ ചന്ദന കള്ളക്കടത്തുകാരെ പിടികൂടുന്നതിനുള്ള രഹസ്യദൗത്യവുമായി തീവ്ര പട്രോളിംഗും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മതിയാകും.

(സി) താഴെപ്പറയുന്ന തരത്തിലുള്ള ആയുധങ്ങളും വാഹനങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

വയർലസ്സ് -മെയിൻസെറ്റ്-2

വെഹിക്കിൾ മൗണ്ട്സെറ്റ് - 2

വാക്കിടോക്കി - 12

വാഹനങ്ങൾ - ജീപ്പ് - 3

മോട്ടോർ സൈക്കിൾ - 3

ആയുധങ്ങൾ - റൈഫിൾ - 10 എണ്ണം

റിവോൾവർ - 1 എണ്ണം

കാട്ടാനകളുടെ ഇനം തിരിച്ചുള്ള കണക്ക്

96 (4136) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാനത്തെ വനം അതിർത്തിക്കുള്ളിൽ 2003 ജനുവരി ഒന്ന് വരെ എത്ര കാട്ടാനകൾ ഉണ്ടായിരുന്നു ; അതിൽ കൊമ്പനാനകൾ, പിടിയാനകൾ എന്നിവ എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കഴിഞ്ഞ രണ്ടുവർഷങ്ങളിൽ എത്ര കട്ടാനകൾ കൊല്ലപ്പെട്ടു ; അതിൽ എത്ര കൊമ്പനാനകൾ ഉൾപ്പെട്ടിട്ടുണ്ട് ; ഇക്കാര്യത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ആനക്കൊമ്പ് മോഷണക്കേസുകൾ പിടികൂടിയിട്ടുണ്ട് ; പ്രസ്തുത കേസ്സുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേരളത്തിൽ എത്ര ആനകൾ കൊല്ലപ്പെട്ടുവെന്നും, എത്ര ആനകൾക്ക് സ്വാഭാവിക മരണം സംഭവിച്ചുവെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly